**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 917** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡുകളുടെ ശോചനീയാവസ്ഥ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നീലകണ്ഠൻ

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നഗരങ്ങളിലെ റോഡുകളുടെ ഗണ്യമായ ഭാഗം ശോചനീയാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നഗരങ്ങളിലെ നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമായി സംരക്ഷിച്ചുപോരുന്നു. എന്നാൽ ചില ഭാഗങ്ങൾ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മിക്കവാറും നഗരപാതകളും കെ.ആർ.എഫ്.ബി വിഭാഗം മുഖേന സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ JJM/Amruth/KWA എന്നിവയുടെ കുടിവെള്ള പദ്ധതികൾ കൂടുതൽ പ്രാധാന്യമുള്ളവയായതിനാൽ അവയ്ക്ക് വേണ്ടി റോഡ് മുറിക്കുന്നതിനായുള്ള അനുമതി നൽകേണ്ടതായുണ്ട്. ഈ അവസരങ്ങളിൽ റോഡുകൾ വെട്ടിപൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് കാരണം, റോഡ് സഞ്ചാരയോഗ്യമല്ലാതാകുന്ന അവസ്ഥ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 5 ദേശീയപാതകളാണ് ഉള്ളത്. ഈ ദേശീയപാതകളുടെ പരിപാലനം MoRTH Fund ഉപയോഗിച്ച് PBMC/STMC പദ്ധതികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കി നിലനിർത്താറുണ്ട്. കൂടാതെ Old NH സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികൾ നടത്തുകയും ചെയ്യാറുണ്ട്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നഗരങ്ങളിൽ ഉൾപ്പെടെ നടത്തുന്ന റോഡ് പ്രവർത്തികളിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് കഴിഞ്ഞതിനുശേഷം മാത്രമാണ് റോഡ് നിർമ്മാണം നടത്തുന്നത്. കിഫ്ബി മാനദണ്ഡ പ്രകാരം നടപ്പിലാക്കുന്ന പ്രസ്തുത റോഡുകൾക്ക് ഒന്നും തന്നെ നിർമ്മാണ രീതിയിൽ അപാകതയില്ല. കൂടാതെ മഴക്കാലം ഒഴിവാക്കിയാണ് പ്രസ്തുത റോഡുകളുടെ നിർമ്മാണ ഷെഡ്യൂൾ നിശ്ചയിക്കുന്നത്. അതിനാൽ പ്രസ്തുത റോഡുകൾ ശോചനീയാവസ്ഥയിലല്ല

കെ.ആർ.എഫ്.ബി-യ്ക്ക് കീഴിലുള്ള നഗരത്തിലെ റോഡുകളായ് തിരുവനന്തപുരം നഗരപാത വികസന പദ്ധതി (TCRP) കോഴിക്കോട് നഗരപാത വികസന പദ്ധതി (KCRIP) സ്മാർട്ട് റോഡുകൾ എന്നിവ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** നിർമ്മാണ രീതിയിലെ അപാകതയും മഴക്കാലത്തെ റോഡ് നിർമ്മാണവും ഇതിന് എത്രമാത്രം കാരണമാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം അതിന് കാരണക്കാരാകുന്നവരിൽ നിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. PWD വകുപ്പിൻ്റെ പ്രവൃത്തികളെല്ലാം തന്നെ ത്രിതല ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി അവയുടെ അടിസ്ഥാനത്തിലാണ് കരാർ തുക നൽകുന്നത്. ഗുണനിലവാര പരിശോധന പരാജയപ്പെടുന്ന പക്ഷം ആ കരാറുകാരനിൽ നിന്നും പ്രസ്തുത തുക റിക്കവർ ചെയ്യുകയോ, ടി കരാറുകാരനെകൊണ്ട്തന്നെ പ്രസ്തുത റോഡ് ഭാഗം പുനർനിർമ്മിക്കുകയോ ചെയ്തു വരുന്നു. മഴക്കാലത്ത് പൊതുവേ റോഡ് നിർമ്മാണം തടസ്സപ്പെടുന്നുണ്ട്. പ്രവൃത്തിയിൽ ക്രമക്കേട് നടന്നെന്ന് ശ്രദ്ധയിൽപ്പെടുന്ന പക്ഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി തുടർ നടപടികൾ കൈക്കൊള്ളുന്നു.

നിർമ്മാണ രീതിയിലെ അപാകതമൂലമോ, മഴക്കാലത്തെ റോഡ് നിർമ്മാണം മൂലമോ റോഡ് തകർന്നതായി പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. റോഡ് നിർമ്മാണത്തിൻറെ ഗുണമേന്മ ഉറപ്പാക്കാൻ വേണ്ടി പ്രവൃത്തികളിൽ ന്യൂനത പരിഹാര സാധ്യത കാലയളവ് (DLP) കൂടി ഉൾപ്പെടുത്തിയാണ് കരാർ വെയ്ക്കുന്നത്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോട് കൂടി പുനഃനിർമ്മിക്കുവാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

കെ.ആർ.എഫ്.ബി-യ്ക്ക് കീഴിൽ വരുന്ന റോഡുകൾ PWD Manual Code നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് നിർമ്മാണം ചെയ്ത് വരുന്നത്

**(സി)** ഗുണഭോക്താക്കളിൽ നിന്നും പണം ഈടാക്കിയിട്ടും, പൈപ്പ് ലൈനും കേബിളും ഇടാൻ വേണ്ടി വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിൽ ആക്കാതിരിക്കുന്നതാണ് റോഡുകളുടെ, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലുള്ളവയുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാന കാരണമെന്നിരിക്കെ ഇതിനെതിരെ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

**<u>മറുപടി:</u>** KWA/KSEB/മറ്റു Utility Agency കൾ എന്നിവയിൽ നിന്നും Restoration തുക ഈടാക്കുന്നത്, പ്രസ്തുത Utility Agency Restoration പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്ത സന്ദർഭങ്ങളിൽ മാത്രമാണ്. പൊതുമരാമത്ത് വകുപ്പിന് ഒറിജിനൽ പ്രവൃത്തി നിലനിൽക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ Restoration തുക മറ്റ് Utility Agency-യിൽ നിന്ന് ഈടാക്കി Restoration പ്രവൃത്തി ഒറിജിനൽ പ്രവൃത്തിയോടൊപ്പം തന്നെ ഏർപ്പാട് ചെയ്ത് നടപ്പിലാക്കുന്നു. ഇത് സംബന്ധിച്ച JJM പ്രവൃത്തികൾക്ക് ഇളവുകളോടെ പ്രത്യേക ഉത്തരവ് നിലവിൽ ഉള്ളതിനാൽ ആയതനുസരിച്ചാണ് Restoration പ്രവൃത്തി ക്രമീകരിച്ച് വരുന്നത്. എന്നിരുന്നാലും Restoration തുക പൊതുമരാമത്ത് വകുപ്പ് വ്യക്തമാക്കുന്ന സന്ദർഭത്തിൽ Utility Agency-കളുടെ റോഡ് മുറിയ്ക്കുന്ന പ്രവൃത്തിയ്ക്ക് ശേഷം പ്രസ്തുത റോഡ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് താമസംവിനാ Restoration പ്രവൃത്തി നടപ്പിലാക്കുന്നു. എന്നാൽ റോഡ് പൂർവ്വസ്ഥിതിയിൽ ആക്കേണ്ടത് Utility Agency-കളുടെ ഉത്തരവാദിത്വമാണ് എന്ന നിബന്ധനയുള്ള കേസുകളിൽ അവർക്ക് നോട്ടീസ് നൽകുകയും എത്രയും പെട്ടെന്ന് തന്നെ Restoration നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്

ദേശീയപാത വിഭാഗത്തിന്റെപരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള

അനുമതി നൽകുന്നത്. പ്രസ്തുത അപേക്ഷകൾ MoRTH portal വഴി online ആയി സമർപ്പിക്കുകയും അനുമതി നൽകുന്നത് RO MoRTH-ഉം ആണ്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ റോഡ് പൂർവ്വസ്ഥിതിയിൽ ആക്കേണ്ടത് utility agency കളുടെ ഉത്തരവാദിത്വമാണ്. പരാതി വരുന്ന പക്ഷം നോട്ടീസ് നൽകുകയും എത്രയും പെട്ടെന്ന് തന്നെ restoration നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്

വിവിധ ഏജൻസികൾക്ക് പൈപ്പ് ലൈനും കേബിളുകളും സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് അനുമതി നൽകുമ്പോൾ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റും സൂപ്പർവിഷൻ ചാർജുകളും ഈടാക്കിയാണ് KRFB അനുമതി നൽകുന്നത്. റോഡ് പുനഃസ്ഥാപിക്കൽ പ്രവൃത്തികൾ നിർവഹിക്കേണ്ടത് അതത് ഏജൻസികളായതിനാൽ, പൈപ്പ് ലൈൻ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതോടൊപ്പം തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ റോഡ് പുനഃസ്ഥാപിക്കൽ പ്രവൃത്തികളും പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റീസ്റ്റോറേഷൻ പ്രവൃത്തികൾ വൈകുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും നോട്ടീസുകളും നൽകിവരുന്നു. കൂടാതെ, കെ.ആർ.എഫ്.ബി.-പി.എം.യുവിന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെ കാര്യത്തിൽ, റോഡ് പൂർവസ്ഥിതി യിലാക്കുന്നതിനുള്ള ചെലവ് ഏജൻസികളിൽ നിന്നും ഈടാക്കി നിലവിലുള്ള കരാറുകാരൻ മുഖേന തന്നെ പുനഃസ്ഥാപിക്കൽ പ്രവൃത്തികൾ നിർവഹിക്കുന്ന രീതിയും നടപ്പാക്കി വരുന്നു. ഇത്തരത്തിൽ വിവിധ ജില്ലകളിൽ റോഡ് പുനഃസ്ഥാപിക്കൽ പ്രവൃത്തികൾ കെ.ആർ.എഫ്.ബി പി.എം.യു മുഖേന നടപ്പിലാക്കുന്നുണ്ട്. അവയൊന്നും തന്നെ ശോചനീയാവസ്ഥയിലല്ല.

ഗുണഭോക്താക്കളിൽ നിന്നും പണം ഈടാക്കി പൈപ്പ് ലൈനുകളും കേബിളുകളും ഇടാൻ വേണ്ടി വെട്ടിപ്പൊളിക്കുന്ന കെ.ആർ.എഫ്.ബി റോഡുകൾ യഥാസമയം പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്ന എന്നാൽ കേരള വാട്ടർ അതോറിറ്റി പുനരുദ്ധാരണ ചെലവ് ഒടുക്കാതെ ചെയ്യുന്ന പ്രവൃത്തികൾ ആയതിന്റെ restoration fund ലഭിക്കുന്ന മുറയ്ക്ക് ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**